# പതിന്നാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *706 04.11.2016 -ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.വി.ആർ.സുനിൽകുമാർ<br>ശ്രീ.കെ.രാജൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കാലാനുസൃത മാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ; | (എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാലാനുസൃതമാക്കി പരിഷ്കരിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന ഇ ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>◆ ഇ-ഡിസ്ട്രിക്റ്റ്<br>◆ സംയോജിത ഓൺലൈൻ പോക്കുവരവ് (റെലിസ്)<br>◆ ഇ-പെയ്മെന്റ് സിസ്റ്റം<br>◆ ആർ.ആർ.ഓൺലൈൻ |
| (ബി) ഒരു വ്യക്തിയുടെ ഭൂമിയെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന്, നിരവധി രേഖകൾ പരിശോധിക്കേണ്ടിവരുന്നത് പരിഹരിക്കുന്നതിനായി ഒരു വ്യക്തിയുടെ ഭൂസ്വത്തുക്കളെല്ലാം ഒറ്റ അക്കൗണ്ട് നമ്പറിൽ രേഖപ്പെടുത്തുന്ന യൂണീക്ക് തണ്ടപ്പേർ സിസ്റ്റം നടപ്പിലാക്കുന്നത് പരിഗണിക്കുമോ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ആധാരം ചമയ്ക്കുമ്പോൾ തന്നെ ബന്ധപ്പെട്ട സർവ്വേറുകളിൽ രേഖപ്പെടുത്തുകയും ആധാർ കാർഡുമായി ലിങ്ക് ചെയ്യുകയും ചെയ്യുന്ന സമ്പ്രദായം കൊണ്ടുവന്നാൽ അനധികൃതമായി ഭൂമി വാങ്ങിക്കൂട്ടുന്നവരെ തടയാൻ കഴിയുമെന്നതിനാൽ, പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുന്നതിനെ ക്കുറിച്ച് ആലോചിക്കുമോ? | (സി) സംസ്ഥാന തലത്തിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ വിവരങ്ങൾ ഓൺലൈനായി സ്വീകരിക്കുകയും ആയത് സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള കേന്ദ്രസെർവറിൽ സൂക്ഷിക്കുകയും ചെയ്യുന്ന സമ്പ്രദായം രജിസ്ട്രേഷൻ വകുപ്പിൽ ഇപ്പോൾ നിലവിലുണ്ട്. പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ആധാർ |

നിർബന്ധമാക്കുകയും കക്ഷികൾ ഓൺലൈനായി സമർപ്പിക്കുന്ന ആധാര വിവരങ്ങളോടൊപ്പം പ്രസ്തുത ആധാർ ഐ.ഡി നമ്പർ കൂടി നൽകുകയും ആയത് UIDAI സൈറ്റുമായി ലിങ്ക് സാദ്ധ്യമാക്കുകകയും ചെയ്താൽ ഒരാളുടെ പേരിൽ രജിസ്റ്റർചെയ്തിട്ടുള്ള പ്രമാണങ്ങളുടെ വിവരങ്ങൾ കേരളാ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ആയതിനുള്ള തീരുമാനവും തുടർനടപടിയും സ്വീകരിക്കേണ്ടത് രജിസ്ട്രേഷൻ വകുപ്പിൽനിന്നാണ്.

**സെക്ഷൻ ഓഫീസർ**